ഉത്തരം

(എ) 87.5 ലക്ഷം രൂപയുടെ.

(ബി) കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ പണി ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി 79,000 രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ പ്രവൃത്തിക്കായി 16 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റുകൾ

69 [1479] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ലിഫ്റ്റുകൾ പ്രവർത്തനക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(സി) പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഓഫീസുകളിലെത്തിച്ചേരുന്നതിനുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് ലിഫ്റ്റ് റിപ്പയർ ചെയ്യുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ലിഫ്റ്റുകൾ സ്ഥാപിച്ച കമ്പനിയുമായോ ഏജൻസിയുമായോ ലിഫ്റ്റിന്റെ കാലപരിധി സംബന്ധിച്ച് എന്തെങ്കിലും ഗ്യാരന്റിയോ വ്യവസ്ഥകളോ മുന്നോട്ടുവച്ചിരുന്നോ; ഇല്ലെങ്കിൽ ഈ കാര്യത്തിൽവന്ന നഷ്ടം ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) നടപ്പ് സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പ്രവർത്തനരഹിതമായ രണ്ട് പാസഞ്ചർ ലിഫ്റ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കുള്ള ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

(ഡി) നിലവിലുണ്ടായിരുന്ന ലിഫ്റ്റുകൾ 30 വർഷം പഴക്കമുള്ളവയാണ്. ലിഫ്റ്റുകൾക്ക് സാധാരണ ഒരു വർഷത്തെ ഗ്യാരണ്ടി മാത്രമേ കമ്പനികൾ നൽകാറുള്ളൂ. നിലവിലുള്ള 30 വർഷം പ്രവർത്തിച്ച ലിഫ്റ്റുകൾക്ക് ഇത് ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly